


# ക്രിസ്തുവിന് സാക്ഷ്യം നൽകുക

**ബ്ര. ജിൻസ് പുതുശ്ശേരിക്കാലായിൽ** MCBS യോഹ. 7:37-39; 8:12-20 (Vol. 9, Issue 49)

ഈശോമിശിഹായിൽ ഏറെ സ്നേഹിക്കപ്പെടുന്നവരെ,

വിശാലമായ ഒരു കോടതിമുറി നിങ്ങളുടെ സങ്കൽപ്പത്തിലേയ്ക്ക് ഞാൻ കൊണ്ടുവരട്ടെ. കാഴ്ച്ചക്കാരാൽ തിങ്ങിനിറഞ്ഞിരിക്കുന്ന കോടതിമുറിയിൽ വിധായാളന്റെ കസേരയിൽ പീലാത്തോസ്. പരാതിക്കാർ യഹൂദർ, പരാതിക്കാർക്കുവേണ്ടി വാദിക്കാൻ ഒന്നല്ല അനേകം വക്കീലന്മാർ. യഹൂദനിയമത്തിൽ അഗ്രഗണ്യരായ പ്രധാനപുരോഹിതന്മാർ. പ്രതിക്കൂട്ടിൽ കുറ്റാരോപിതനായ ക്രിസ്തു. അവനുവേണ്ടി വാദിക്കാൻ ആരുമില്ല. അവൻ, അവനുവേണ്ടിത്തന്നെ വാദിക്കുന്നു. താൻ ലോകത്തിന്റെ പ്രകാശമാണെന്നും നിത്യജീവൻ നൽകുന്ന ജലമാണെന്നും പിതാവിനാൽ സ്വർഗ്ഗത്തിൽ നിന്ന് അയയ്ക്കപ്പെട്ടവനാണെന്നും അവരെ പറഞ്ഞു മനസ്സിലാക്കുവാൻ ശ്രമിച്ചെങ്കിലും അതൊന്നും ചെവിക്കൊള്ളാതെ അവർ അവനോട് ഇപ്രകാരം പറയുന്നു: “നീ, നിന്നെക്കുറിച്ച് തന്നെ സാക്ഷ്യം നൽകുന്നു. അതിനാൽ നിന്റെ സാക്ഷ്യം സത്യമല്ല.”

ഈജിപ്തിന്റെ അടിമത്വത്തിൽ നിന്നും യഹൂദരെ മോചിപ്പിച്ച് കാനാൻ ദേശത്തെത്തിച്ച് സകല സൗഭാഗ്യങ്ങളാലും അവരെ അനുഗ്രഹിച്ച ദൈവത്തെ, ഇസ്രായേൽ മറന്നപ്പോഴൊക്കെ പ്രവാചകന്മാരിലൂടെയും നേതാക്കന്മാരിലൂടെയും ദൈവം യഹൂദരോട് സംസാരിച്ചിരുന്നു. വരുവാനിരിക്കുന്ന രക്ഷകനെക്കുറിച്ച് പലപ്പോഴായി പ്രവാചകന്മാരിലൂടെ മുന്നറിയിപ്പുകളും വെളിപ്പെടുത്തലുകളും നൽകിയിട്ടും യഹൂദർ ക്രിസ്തുവിനെ മനസ്സിലാക്കിയില്ല. ക്രിസ്തുവിന് മുന്നേവന്ന സ്നാപകയോഹന്നാനും ക്രിസ്തുവിന് സാക്ഷ്യം നൽകി. എന്നിട്ടും അവർ അവനെ മനസ്സിലാക്കിയില്ല. മാമ്മോദീസാ വേളയിൽ സ്വർഗ്ഗം തുറക്കപ്പെട്ടു. പരിശുദ്ധാത്മാവ് അവന്റെ മേൽ ഇറങ്ങിവന്നു. ഇവൻ എന്റെ പ്രിയപുത്രൻ എന്ന് പിതാവ് തന്നെ സാക്ഷ്യം നൽകിയിട്ടും അവർ അവനിൽ വിശ്വസിച്ചില്ല. അവർ വീണ്ടും ക്രിസ്തുവിനോട് ചോദിക്കുന്നു: “ആരാണ് നിനക്ക് സാക്ഷ്യമായുള്ളത്? നിനക്കുവേണ്ടി സാക്ഷ്യം പറയാൻ ആരാണ് നിനക്കുള്ളത്?” വിശാലമായ

കോടതിമുറിയിൽ നിന്നും തന്നെ നോക്കി അട്ടഹസിക്കുകയും പരിഹസിക്കുകയും ചെയ്യുന്ന യഹൂദരുടെയും പ്രധാനപുരോഹിതരുടെയും മധ്യത്തിൽ നിന്ന് അവൻ സാക്ഷികൾക്കായുള്ള കോടതിമുറിയിലെ സാക്ഷിക്കൂട്ടിലേയ്ക്ക് നോക്കി. തനിക്കുവേണ്ടി സാക്ഷ്യം പറയുവാൻ അവിടെ ആരെങ്കിലുമുണ്ടോ? ഉറ്റവർ ആരും തന്നെയില്ല; ഓശാന പാടി എതിരേറ്റവരില്ല; അത്ഭുതങ്ങൾ കണ്ട് കൂടെക്കൂടിയവരില്ല.

നോമ്പുകാലത്തിന്റെ അഞ്ചാം ഞായറാഴ്ച വിശുദ്ധ ബലിക്കായി അണഞ്ഞിരിക്കുന്ന നമുക്ക് ധ്യാനിക്കുവാനായി വി. യോഹന്നാന്റെ സുവിശേഷം തുറക്കപ്പെട്ടിരിക്കുമ്പോൾ ഈശോ അന്വേഷിക്കുന്നു: ആരാണ് എനിക്കായ് സാക്ഷ്യം നൽകുവാനുള്ളത്? കുരിശെടുത്ത് തന്റെ പാത പിന്തുടരാൻ ആരാണുള്ളത്? തന്നെ പ്രഘോഷിക്കാൻ തന്നെക്കുറിച്ച് ലോകത്തെ അറിയിക്കുവാൻ ആരാണുള്ളത് എന്ന് അവിടുന്ന് തിരയുന്നു. ക്രിസ്തുവിനു വേണ്ടി സധൈര്യം മുന്നിട്ടറങ്ങി വചനം പ്രഘോഷിച്ച് രക്തസാക്ഷികളായ അപ്പസ്തോലന്മാരായ വിശുദ്ധരെപ്പോലെ ഇന്നും അവനുവേണ്ടി ജീവിക്കാനും മരിക്കാനും അവന് സാക്ഷ്യമാകുവാനും ചങ്കുറപ്പുള്ളവരെ അവനു വേണം.

അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിച്ചിട്ടും പ്രവാചക വെളിപ്പെടുത്തലുകളുണ്ടായിട്ടും വീണ്ടും വീണ്ടും അടയാളങ്ങളും തെളിവുകളും ലഭിക്കാനായി തിരക്കുകൂട്ടിയ യഹൂദ ജനത്തിനു മുന്നിൽ, താനാണ് ലോകത്തിന്റെ പ്രകാശം, താനാണ് ഭൂമിയുടെ ഉപ്പ്, താനാണ് നിത്യജീവൻ നൽകുന്ന ജലം എന്ന് അവർക്ക് മുന്നിൽ സാക്ഷ്യപ്പെടുത്തുവാൻ അതിലൂടെ അവരെ പിതാവിന്റെ സ്നേഹത്തിലേയ്ക്കും രക്ഷയിലേയ്ക്കും തിരികെ കൊണ്ടുവരാൻ അവിടുന്ന് ഒടുവിൽ കുരിശ് ചുമന്നു; പീഡകളേറ്റു; മരണത്തിന് സ്വയം ഏൽപ്പിച്ചു കൊടുത്തു.

ക്രിസ്തു ലോകത്തിന് നൽകിയ ഏറ്റവും വലിയ സാക്ഷ്യമായിരുന്നു അവന്റെ കുരിശ്. ക്രിസ്തുവാണ് രക്ഷകൻ എന്നുള്ളതിന് ഇനിയൊരുവനും സാക്ഷ്യം ചോദിക്കരുത്. ക്രിസ്തു നൽകുന്ന രക്ഷയ്ക്ക്-നിത്യജീവന് അവന്റെ കുരിശാണ് സാക്ഷ്യം. തന്റെ പീഡാനുഭവ മരണത്തിലൂടെ അവൻ തെളിയിക്കുകയായിരുന്നു സത്യങ്ങളൊക്കെയും. ഗദ്സമെനിൽ പാഞ്ഞടുത്ത ചെന്നായ്ക്കളുടെ പക്കൽ നിന്നും തന്റെ ആടുകളെ മുഴുവൻ രക്ഷിച്ച് സ്വയം കൊല്ലപ്പെടുവാനായി നിന്നുകൊടുത്ത് അവൻ നല്ല ഇടയനാണെന്ന് തെളിയിച്ചു. പീഡാനുഭവ വേളയിലുടനീളം രക്തവും വിയർപ്പും വാർന്ന് അവൻ ലോകത്തിന്റെ ഉപ്പാണ് എന്ന് തെളിയിച്ചു. തന്റെ മരണവേളയിൽ ഭൂമി മുഴുവൻ അന്ധകാരത്തിലാഴ്ന്നപ്പോൾ ലോകത്തിന്റെ പ്രകാശമാണ് അണഞ്ഞതെന്ന് ലോകം അറിഞ്ഞു. മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ് താനാണ് നിത്യജീവൻ എന്ന സത്യം ലോകത്തിന് അവൻ വെളിപ്പെടുത്തി.

ക്രിസ്തുവിന്റെ പീഡാനുഭവങ്ങളെ ധ്യാനിച്ച് ഒരുങ്ങിക്കൊണ്ടിരിക്കുന്ന ഈ നാളുകളിൽ ക്രിസ്തുവിന്റെ കുരിശാകുന്ന സാക്ഷ്യം ഉയർത്തിപ്പിടിക്കാനുള്ള ആഹ്വാനമാണ് ഇന്ന് നമുക്ക് ലഭിക്കുന്നത്. അനുദിനജീവിതത്തിലെ ദുരിതങ്ങളിൽ, ക്ലേശങ്ങളിൽ ദുഃഖസങ്കടങ്ങൾ കുരിശിനോട് ചേർത്തുതറച്ച് രക്ഷയുടെ മാർഗ്ഗമായി അവയെ മാറ്റാൻ നമുക്ക് സാധിക്കട്ടെ. അനുദിനജീവിതത്തിലൂടെ ക്രിസ്തുവിന് നമുക്ക് സാക്ഷ്യം നൽകാം. എന്റെ ജീവിതപങ്കാളി, മാതാപിതാക്കൾ, ബന്ധുമിത്രാദികൾ, അയൽക്കാർ ഞാനുമായി ഓരോ ദിനവും കണ്ടുമുട്ടുന്ന ഒരോ വ്യക്തിയിലേയ്ക്കും ക്രിസ്തുവിനെ പകരാൻ എനിക്ക് സാധിക്കട്ടെ. അവൻ നൽകുന്ന സഹനങ്ങൾ സന്തോഷത്തോടെ സ്വീകരിച്ച് സഹനങ്ങൾ തരുന്നവരെ കുരിശോട് ചേർത്ത് പ്രാർത്ഥിച്ച് അവരിലേയ്ക്കും ക്രിസ്തുവിനെ നമുക്ക് പകരാം.

ഈ നോമ്പുകാലത്ത് കുരിശാകട്ടെ നമ്മുടെയും ലോകത്തിനു മുന്നിലെ ക്രിസ്തുസാക്ഷ്യം.

ആമ്മേൻ.